ARAYAS AND VALAS—THROWN-OUT HANDS—REAPPOINTMENT

252. മിസ്റ്റർ സി. കെ. എസ്സ്". മണി താഴെ പറയുന്ന ചോദ്യത്തിനു ഗവമ്മെണ്ടു് ദയവായി ഉത്തരം നൽകുമോ.—

(എ) സ്റ്റാഫ് സിലക"ഷൻ ബോർഡ് ആരംഭിക്കുന്നതിനുമുമ്പു് ഗവമ്മെണ്ടു് സർവ്വീസിലുണ്ടായിരുന്ന എത്രപേർ ബോർഡിൽ അപേക്ഷകന്മാരായുണ്ടായിരുന്നു;

(ബി) ബോർഡുപ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പു് സർവ്വീസിൽ പെട്ടിട്ടുണ്ടായിരുന്നവരിൽ ബോർഡ് നിയമനം ഇതേവരെ ലഭിക്കാതെ എത്രപേരുണ്ടു്;

(സി) അരയന്മാരിൽനിന്നോ വാലന്മാരിൽനിന്നോ അങ്ങിനെ ആരെങ്കിലുമുണ്ടെങ്കിൽ അവരുടെ പേരും അവർ എത്രകാലം ഗവമ്മെണ്ടുജോലി നോക്കീട്ടുണ്ടെന്നും പറയുമോ?

മിസ്റ്റർ കെ. പി. കണ്ണൻ നായർ :

(എ) വ്യക്തമല്ല.

(ബി) ഉവ്വു.

(സി) രണ്ടു വാലന്മാരുണ്ടു്. (1) പി. എൻ. അയ്യപ്പൻ (സർവ്വീസു് 4 മാസം) (2) എൻ. എ. നാരായണൻ (സർവ്വീസു് 1 മാസം).

മിസ്റ്റർ സി. കെ. എസ്സ്". മണി : സബ്ഡിവിഷൻ സിയിൽ പറയുന്ന രണ്ടു പേരെ കൂടാതെ വേറെ ആരെങ്കിലും ഉദ്യോഗം കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : എനിക്കറിയാൻ വയ്യ.

മിസ്റ്റർ സി. കെ. എസ്സ്". മണി : അതിനെക്കുറിച്ചു ഗവമ്മെണ്ടു് അന്വേഷിക്കാമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : കൊടുത്തിട്ടുണ്ടോ എന്നെനിക്കറിയാൻ വയ്യ.

മിസ്റ്റർ സി. കെ. എസ്സ്". മണി : ഇനിയുള്ള നിയമനങ്ങളിൽ ഈ രണ്ടുപേരുടെ കാര്യം ഗവമ്മെണ്ടു് നോക്കുമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: എല്ലാവരുടേയും കാര്യം ഗവമ്മെണ്ടു നോക്കുന്നുണ്ടു്. അതിൽ ഇവരുടെ കാര്യം മാത്രം പ്രത്യേകം നോക്കാൻ നിവൃത്തിയില്ല.

മിസ്റ്റർ സി. കെ. എസ്സ്". മണി : ഈ ബോർഡ് തുടങ്ങുന്നതിനു മുമ്പു് സർവ്വീസിൽ പെട്ടിട്ടുള്ളവർക്കു കൊടുക്കാതെ ബോർഡിൽ നിന്നു പുതിയ അപേക്ഷകന്മാർക്കു ഉദ്യോഗം കൊടുത്തിട്ടുള്ളതായി അറിയാമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : ചിലർക്കു കൊടുത്തിട്ടുണ്ടായിരിക്കാം; അവർ സർവ്വീസിൽ ഉണ്ടായിരുന്നവരേക്കാൾ എന്തെങ്കിലും പ്രത്യേക ക്വാളിഫിക്കേഷൻ ഉള്ളവരായിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly